പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## മുപ്പത്തിയൊന്നാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)യുടെ ഏഴാമത് റിപ്പോർട്ടിലെ (നദികളിൽ നിന്നുള്ള അനധികൃത മണൽവാരൽ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**മുപ്പത്തിയൊന്നാമത് റിപ്പോർട്ട്**

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)യുടെ ഏഴാമത് റിപ്പോർട്ടിലെ (നദികളിൽ നിന്നുള്ള അനധികൃത മണൽവാരൽ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

79/2016.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |
| അദ്ധ്യായം III | : സമിതി ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലുള്ള തുടർ ശിപാർശകൾ | .. | 17 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം മുപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 15-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,<br>
*അദ്ധ്യക്ഷൻ,*<br>
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,<br>
2015 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

നദികളിൽ നിന്നുള്ള അനധികൃതവും അനിയന്ത്രിതവുമായ മണൽവാരൽ സംബന്ധിച്ച് സമിതിക്ക് നിരവധി പരാതികളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. നിരവധി നിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ട് സംസ്ഥാനത്തെ നദികളിൽ നിന്നും അനധികൃത മണൽ വാരൽ നിർബാധം തുടരുന്നത് വൻ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുന്നു എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ സമിതി (2009-2011) പ്രസ്തുത വിഷയത്തിൻമേൽ സമഗ്രപഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് (ഏഴാമത് റിപ്പോർട്ട്) 2010 മാർച്ച് 22-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 19 ശിപാർശകളാണ് ഉണ്ടായിരുന്നത്. സമിതിയുടെ ശിപാർശകളിൻമേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച കോപ്പികൾ റവന്യൂ, വ്യവസായം, ജലവിഭവം, പൊതുമരാമത്ത് എന്നീ വകുപ്പുകളിലേക്ക് അയച്ചുകൊടുത്തു. പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിച്ച് അംഗീകരിച്ചു.

2. സമിതിയുടെ ശിപാർശകൾ, അതിൻമേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

സമിതിയുടെ (2009-2011) ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലുള്ള തുടർശിപാർശകൾ അടങ്ങുന്ന വിശദാംശം അദ്ധ്യായം III-ലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അതിൻമേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1

കെ.എം.എം.സി.ആർ. (കേരള മൈനർ മിനറൽസ് കൺസെഷൻസ് റൂൾസ്)-ൽ ഭേദഗതി വരുത്തി പിടിച്ചെടുക്കുന്ന മണൽ എന്തു ചെയ്യണമെന്നും മണലുമായി പിടിച്ചെടുത്ത വാഹനം എന്ത് ചെയ്യണമെന്നും വ്യക്തമാകുന്ന തരത്തിൽ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഈ സാഹചര്യത്തിൽ പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞശേഷം അന്തിമ റിപ്പോർട്ട് നിയമസഭയ്ക്ക് സമർപ്പിക്കുന്നതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

സാങ്കേതികവിദഗ്ദ്ധരുള്ള ഇറിഗേഷൻ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഹൗസിംഗ് വകുപ്പ് എന്നീ വകുപ്പുകളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(സി) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 49568/പി3/15/റവ. തീയതി 11-8-2015)

പ്രസ്തുത ശിപാർശയുടെ പകർപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭവന നിർമ്മാണ വകുപ്പിന് നൽകുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ഡി) ജലവിഭവ (ഐആർ.) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 9752/(ഐആർ.)2/15/ജവിവ. തീയതി 18-8-2015)

മണൽ അടക്കമുള്ള നിർമ്മാണ വസ്തുക്കളായ പ്രകൃതി വിഭവങ്ങളുടെ ഉപഭോഗം പരമാവധി കുറയ്ക്കുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള കൺസോർഷ്യം രൂപീകരിക്കുന്ന നടപടി ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്നതല്ല.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 19</u>

സ്വാഭാവിക മണലിന്റെ ദൗർലഭ്യം മുതലെടുത്തുകൊണ്ട് നിർമ്മിത മണലിന്റെ (പാറമണൽ) വിൽപ്പനക്കാർ, മണൽവില ക്രമാതീതമായി വർദ്ധിപ്പിക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടുന്നവരും മണൽക്കെട്ടതി നേരിടുന്നവരുമായ സാധാരണ ജനങ്ങളെ മണൽവില വർദ്ധിപ്പിച്ച് ചൂഷണം ചെയ്യുന്നവരെ നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

ജില്ലാ കളക്ടർമാർക്ക് നടപടിയെടുക്കാൻ വേണ്ട നിർദ്ദേശം നൽകുന്നതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

# റിപ്പോർട്ട്

## അദ്ധ്യായം I

നദികളിൽ നിന്നുള്ള അനധികൃതവും അനിയന്ത്രിതവുമായ മണൽവാരൽ സംബന്ധിച്ച് സമിതിക്ക് നിരവധി പരാതികളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. നിരവധി നിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ട് സംസ്ഥാനത്തെ നദികളിൽ നിന്നും അനധികൃത മണൽ വാരൽ നിർബാധം തുടരുന്നത് വൻ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുന്നു എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ സമിതി (2009-2011) പ്രസ്തുത വിഷയത്തിൻമേൽ സമഗ്രപഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് (ഏഴാമത് റിപ്പോർട്ട്) 2010 മാർച്ച് 22-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 19 ശിപാർശകളാണ് ഉണ്ടായിരുന്നത്. സമിതിയുടെ ശിപാർശകളിൻമേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച കോപ്പികൾ റവന്യൂ, വ്യവസായം, ജലവിഭവം, പൊതുമരാമത്ത് എന്നീ വകുപ്പുകളിലേക്ക് അയച്ചുകൊടുത്തു. പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിച്ച് അംഗീകരിച്ചു.

2. സമിതിയുടെ ശിപാർശകൾ, അതിൻമേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

സമിതിയുടെ (2009-2011) ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലുള്ള തുടർശിപാർശകൾ അടങ്ങുന്ന വിശദാംശം അദ്ധ്യായം III-ലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അതിൻമേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1

കെ.എം.എം.സി.ആർ. (കേരള മൈനർ മിനറൽസ് കൺസെഷൻസ് റൂൾസ്)-ൽ ഭേദഗതി വരുത്തി പിടിച്ചെടുക്കുന്ന മണൽ എന്തു ചെയ്യണമെന്നും മണലുമായി പിടിച്ചെടുത്ത വാഹനം എന്ത് ചെയ്യണമെന്നും വ്യക്തമാകുന്ന തരത്തിൽ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) റവന്യൂ (പി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

വ്യവസായ വകുപ്പിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) വ്യവസായ (എ) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 13771 /എ 4/13/വ്യവ. തീയതി 13-9-2013)

നിലവിൽ കേരള മൈനർ മിനറൽ കൺസെഷൻസ് റൂൾസ് ചട്ടം 58(1) പ്രകാരമാണ് അനധികൃത ഖനിജ നീക്കത്തിന് പിഴയും ശിക്ഷയും നൽകിവരുന്നത്. ചട്ടം 58(1)-ൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര നിയമമായ 1957-ലെ മൈൻസ് & മിനറൽസ് (റഗുലേഷൻ & ഡെവലപ്മെന്റ്) ആക്റ്റിൽ ഭേദഗതി വരേണ്ടതുണ്ട്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) വ്യവസായ (എ) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 19429/എ 4/14/വ്യവ. തീയതി 22-9-2014)

2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ വാഹനത്തിന്റെ വിലയും പിഴയും ഈടാക്കി തിരിച്ച് ഉടമസ്ഥന് നൽകാവുന്ന രീതിയിലും പിടിച്ചെടുക്കുന്ന മണൽ സർക്കാരിന്റെ അംഗീകൃത മണൽ സംഭരണ വിപണന കേന്ദ്രങ്ങൾ മുഖേനയോ പൊതുലേലത്തിലൂടെയോ വിൽപ്പന നടത്താൻ അനുവദിക്കുന്ന തരത്തിലും KMMC ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 2</u>

അനധികൃത മണൽ പിടിക്കുന്ന കേസുകളിൽ, പോലീസ് റിപ്പോർട്ട്, കോടതി സ്വീകരിക്കുവാൻ തക്കവിധത്തിൽ, നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇങ്ങനെ പിടിച്ചെടുക്കുന്ന മണൽ, സാധാരണക്കാർക്കും ദുർബല വിഭാഗങ്ങൾക്കും നിർമ്മാണ ആവശ്യങ്ങൾക്കായി, നിയന്ത്രിത വിലയ്ക്ക് 'കലവറ' വഴി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും 2013 ഭേദഗതി നിയമം, വകുപ്പ് 23 എ(6) പ്രകാരം അനധികൃതമായി പിടിച്ചെടുക്കുന്ന മണൽ പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ നിർമ്മിതികേന്ദ്രത്തിന് അഥവാ കലവറയ്ക്ക് വിൽക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. 'സാൻഡ്' എന്ന ഓൺലൈൻ മണൽ വിൽപ്പന സംവിധാനം തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കി വരുന്നു. മറ്റ് ജില്ലകളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 3</u>

മണൽവാരൽ കേസ്സിൽ, ശിക്ഷ നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

നിലവിൽ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം 2002-ലെ സെക്ഷൻ 27(1) പ്രകാരം അനധികൃത മണൽ കടത്താനുപയോഗിച്ച വാഹനം പോലീസോ റവന്യൂ ഉദ്യോഗസ്ഥരോ പിടിച്ചെടുക്കേണ്ടതാണ്. സെക്ഷൻ 27(3) പ്രകാരം വാഹനം പിടിച്ചെടുത്തതിനു ശേഷം ഏഴ് ദിവസത്തിനുള്ളിൽ വാഹനത്തിന് ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് തുല്യമായ തുകയും പിഴയും അതിന്റെ ഉടമസ്ഥനോ കൈവശക്കാരനോ റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കുന്നപക്ഷം പിടിച്ചെടുത്ത വാഹനം തിരികെ നൽകേണ്ടതുമാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 4</u>

മണൽ കൊണ്ടുപോകുന്നതിന് അനുമതി നൽകുന്ന പാസ്സിൽ, മണൽ കൊണ്ടുപോകുന്ന വാഹനത്തിന്റെ നമ്പർ, കൊണ്ടുപോകുന്ന സമയം, ഏത് സ്ഥലത്തേക്ക് കൊണ്ടുപോകുന്നു, ഏത് കടവിൽ നിന്നും കൊണ്ടുവരുന്നു എന്നീ കാര്യങ്ങൾ രേഖപ്പെടുത്തണമെന്നും പാസ്സ് സീരിയൽ നമ്പരോടുകൂടിയതും counterfoil-ലോടു കൂടിയതുമായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

നിലവിൽ ഉള്ള പാസ്സിൽ പ്രസ്തുത വിവരങ്ങൾ എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 5</u>

സംരക്ഷിത നദികളിൽ നിന്നും മണൽ വാരുന്നതിന്, തൃശ്ശൂർ ജില്ലയിൽ ഇപ്പോൾ നടപ്പാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനം എല്ലാ സംരക്ഷിത നദികൾക്കും ബാധകമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മലപ്പുറം ജില്ലയിൽ മണൽ വാരുന്നതിനുള്ള പാസ്സ് നൽകുമ്പോൾ തീയതി പതിക്കുന്നതിനു മുകളിൽ സുതാര്യമായ ഒരു സ്റ്റിക്കർകൂടി പതിക്കാറുണ്ട്. പ്രസ്തുത രീതി മറ്റു ജില്ലകൾക്കുകൂടി ബാധകമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

'SAND' എന്ന ഓൺലൈൻ മണൽ വിൽപ്പന സംവിധാനം തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കിവരുന്നു. മറ്റു ജില്ലകളിൽ വ്യാപിക്കുന്ന കാര്യം പരിഗണനയിലാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 6</u>

ഒരു പാസ്സ് ഉപയോഗിച്ച് അനവധി ലോഡ് മണൽ കടത്തുന്നവരെയും കൂടാതെ തെറ്റായ പാസ്സ് ഉപയോഗിക്കുന്നവരെയും ശിക്ഷിക്കാനുള്ള കർശന വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

ഒരു പാസ്സ് ഉപയോഗിച്ച് അനവധി ലോഡ് മണൽ കടത്തുന്നവരെയും തെറ്റായ പാസ്സ് ഉപയോഗിക്കുന്നവരെയും ശിക്ഷിക്കാനുള്ള കർശന വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തണമെന്ന ശിപാർശ സ്വാഗതാർഹമാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 7

വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും നദികളിലെ മണൽ ലഭ്യത കണക്കാക്കി (Sand Audit), ഗവൺമെന്റിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നും പ്രസ്തുത റിപ്പോർട്ട് അനുസരിച്ചുള്ള കടവുകളിൽ നിന്നുമാത്രം മണൽവാരൽ അനുവദിക്കണമെന്നും തുടർച്ചയായി ഒരേ കടവിൽ നിന്നും മണൽവാരുന്ന സമ്പ്രദായം നിരുത്സാഹപ്പെടുത്തുകയും കടവുകൾ മാറി മണൽ വാരുന്ന രീതി അവലംബിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിൽ 30-ാം ചട്ടപ്രകാരം മൂന്ന് വർഷത്തിലൊരിക്കൽ മണൽ ഓഡിറ്റ് ചെയ്യണമെന്ന് നിഷ്കർഷിക്കുന്നെങ്കിലും ആയത് കൃത്യമായി നടന്നുവരുന്നില്ല. എന്നാൽ ഇപ്പോൾ 20 നദികളുടെ നദീതീര മാപ്പിംഗും മണൽ ഓഡിറ്റിംഗും പൂർത്തിയായി വരുന്നതും ബാക്കിയുള്ള നദികളിൽക്കൂടി മണൽ ഓഡിറ്റിംഗ് നടത്തുന്ന വിഷയം പരിഗണിക്കാവുന്നതാണ്. മാത്രമല്ല, സമിതി ശിപാർശ പ്രകാരം വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും മണൽ ഓഡിറ്റിംഗ് നടത്തുക എന്നതിന് നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതായുണ്ട്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 8

മണലിനുപകരം ഉപയോഗിക്കാവുന്ന വസ്തുക്കളുടെ പേരുകൂടി ചേർത്ത് P.W.D.-യുടെ Building Code-ൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

പൊതുമരാമത്ത്, ഹൗസിംഗ് വകുപ്പുകളിൽ നിന്നും നടപടി ഉണ്ടാകേണ്ടതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) പൊതുമരാമത്ത് (ഇ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 22563/ഇ 1/14/പൊ.മ.വ. തീയതി 7-11-2014)

പി.ഡബ്ല്യു.ഡി.-യുടെ ബിൽഡിംഗ് കോഡിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് ഉൾപ്പെടുത്താറില്ല. എന്നാൽ, പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ മണലിനുപകരം ഉപയോഗിക്കാവുന്ന എം. സാൻഡിന്റെ പേരും വിലയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 9

നിർമ്മാണ പ്രവർത്തനങ്ങൾക്ക് നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള മണൽ ദൗർലഭ്യം കണക്കിലെടുത്ത്, കേരളത്തിലെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ ശേഖരിക്കുന്നതിനായി, ഡാം ഡീസിൽട്ടേഷൻ നടത്തുന്നത് സംബന്ധിച്ച് വിദഗ്ദ്ധരുൾപ്പെടുന്ന സമിതിയെക്കൊണ്ട് പാരിസ്ഥിതികാഘാത പഠനം (Environmental Impact Assessment) നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

ജലസേചന വകുപ്പിൽ നിന്നും നടപടി ഉണ്ടാകേണ്ടതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) ജലവിഭവ (ഐആർ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 9752/ഐ.ആർ3/15/ജവിവ. തീയതി 18-8-2015)

കേരളത്തിലെ ജലസംഭരണികളിൽ എക്കൽ അടിയുന്നത് സംബന്ധിച്ച് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി നൂതന സാങ്കേതികവിദ്യയായ ഇന്റിഗ്രേറ്റഡ് ബാത്തിമെട്രിക്ക് സർവ്വേ (ഐ.ബി.എസ്.) ഉപയോഗിച്ച് പഠനം നടത്തി വരികയാണ്. ഇതിൻപ്രകാരം മലമ്പുഴ, പീച്ചി, കാഞ്ഞിരപ്പുഴ, മംഗലം, വാഴാനി, പോത്തുണ്ടി, ചുള്ളിയാർ, മീങ്കര, വാളയാർ, കുറ്റ്യാടി, നെയ്യാർ, പഴശ്ശി, ശിരുവാണി എന്നീ അണക്കെട്ടുകളിൽ ഏകദേശം 92 $Mm^3$ എക്കൽ അടിഞ്ഞുകൂടിയതായി കണ്ടെത്തിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ., ജോധ്പൂർ നടത്തിയ പഠന പ്രകാരം കല്ലട അണക്കെട്ടിൽ ഏകദേശം 47 $Mm^3$ എക്കൽ അടിഞ്ഞതായും കണ്ടെത്തിയിട്ടുണ്ട്. ഇതുമൂലം അണക്കെട്ടുകളുടെ സംഭരണശേഷിയിലും കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ഈ എക്കൽ നീക്കം ചെയ്ത്

അതിൽ നിന്നും മണൽ വേർതിരിച്ചെടുത്താൽ സംസ്ഥാനം നേരിടുന്ന മണൽ ദൗർലഭ്യത്തിന് ഒരു പരിധിവരെ പരിഹാരമാകുന്നതിനോടൊപ്പം തന്നെ അണക്കെട്ടുകളുടെ സംഭരണശേഷി പുനഃസ്ഥാപിക്കാനും സാധിക്കുന്നതാണ്.

മലമ്പുഴ ഡാമിൽ Desilting Operation നടത്തുന്നതിന്റെ ഭാഗമായി 'സെസ്സ്' പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ട്. കൂടാതെ അണക്കെട്ടുകളിൽ നിന്നും മണൽ ശേഖരണം സംബന്ധിച്ച എല്ലാ വശങ്ങളും പരിശോധിക്കുന്നതിന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സംസ്ഥാനതല സമിതി വ്യവസായ വകുപ്പ് രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ 12-12-2013-ൽ നടന്ന യോഗം അണക്കെട്ടുകളിൽനിന്ന് മണൽ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് 'സെസ്സിനെ' ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 10

നദീതീര സംരക്ഷണത്തിന്റെ ഭാഗമായി നദീതീര കയ്യേറ്റം ചെറുക്കുന്നതിനും തീരങ്ങളുടെ ഇടിഞ്ഞു പോകൽ തടയുന്നതിനുമായി കരിങ്കൽഭിത്തി കെട്ടുന്നതിനുപകരം, റിവറൈൻ മരങ്ങളും അനുയോജ്യമായ മറ്റ് സസ്യജാലങ്ങളും (കണ്ടൽ ചെടി, ഈറ, മുള, രാമച്ചം തുടങ്ങിയവ) വച്ചുപിടിപ്പിക്കുന്നതിനും വിപുലമായ പദ്ധതിക്ക് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

നദീതീരങ്ങളിൽ കണ്ടൽ ചെടി, ഈറ, മുള, ഫലവൃക്ഷങ്ങൾ, വിവിധയിനം മരങ്ങൾ തുടങ്ങിയവ വച്ചുപിടിപ്പിക്കുന്നതിന് മുൻകാലങ്ങളിൽ നടപടി ഉണ്ടായിട്ടുള്ളതും തുടർന്നും ആയത് ചെയ്യുന്നത് നദികളുടെ സ്വാഭാവിക സംരക്ഷണം ഉറപ്പ് വരുത്താൻ സഹായകമാകുന്നതുമാണ്. നദികളുടെ സമഗ്രമായ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള പദ്ധതികൾ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ആവിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 11

മണൽവാരുന്നതിന് Holiday ഏർപ്പെടുത്തുന്ന നിലവിലുള്ള രീതി കർശനമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

30-10-2013-ലെ 45243/പി3/10/റവ. നമ്പർ കത്തുമുഖേന ജൂൺ മാസം മുതൽ ആഗസ്റ്റ് മാസം പകുതി വരെ എല്ലാ ജില്ലകളിലും മണൽഖനനം നിരോധിക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 12

ജലവിഭവ വകുപ്പിന്റെ റിസർച്ച് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതോടൊപ്പം മണൽവാരലുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം (റവന്യൂ, ആഭ്യന്തരം, തദ്ദേശസ്വയംഭരണം, ജലവിഭവം, ശാസ്ത്രസാങ്കേതിക വകുപ്പ്) കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

ജലസേചന വകുപ്പിൽ നിന്നും നടപടി ഉണ്ടാകേണ്ടതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) ജലവിഭവ (ഐആർ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 9752/ഐ.ആർ2/15/ജവിവ. തീയതി 18-8-2015)

ജലവിഭവ വകുപ്പിന്റെ കീഴിലുള്ള റിസർച്ച് വിംഗിന്റെ (IDRB) പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 21-8-2013-ലെ ജി.ഒ. (ആർറ്റി.) 927/13/ജവിവ. നമ്പർ ഉത്തരവ് പ്രകാരം 347 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ മണൽ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് മാർഗ്ഗരേഖകൾ രൂപപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകളുടെ മന്ത്രിമാർ അടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും പ്രസ്തുത മന്ത്രിസഭാ ഉപസമിതിയുടെ 8-10-2014-ൽ ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും ജലാശയത്തിൽ വച്ചുതന്നെ വേർതിരിച്ച് നീക്കം ചെയ്യാൻ സാങ്കേതിക സംവിധാനമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ആഗോള ടെൻഡർ മുഖാന്തിരം Expression of Interest ക്ഷണിച്ച് യോഗ്യരായവരെ കണ്ടെത്തുന്നതിന് തീരുമാനിച്ചു.

ഇതിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റിന്റെ (EOI) terms of reference-ന് രൂപം നൽകുന്നതിനായി വ്യവസായം, ജലവിഭവം, വനം, ഊർജ്ജം, തൊഴിൽ എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങുന്ന സമിതി രൂപീകരിച്ച് വ്യവസായ വകുപ്പ് 29-11-2014-ൽ ഉത്തരവാകുകയും പ്രസ്തുത സമിതിയുടെ ഏകോപനവും ആവശ്യമായ സാങ്കേതികസഹായവും നൽകുന്നതിന് ജലവിഭവ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(19-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ 13

അനധികൃതമായി കടത്തുന്നത് ഏതു തരം മണൽ (കരമണൽ, പാറമണൽ etc.) ആണെങ്കിലും കടത്തുന്നവർക്കെതിരെ ഏകീകൃത (Uniform) ശിക്ഷ നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

നദികളിൽ നിന്നുള്ള മണൽവാരൽ, കടത്തൽ ഇവയിൽ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. കരമണൽ, പാറമണൽ ഇവ സംബന്ധിച്ച് വ്യവസായ വകുപ്പിൽ നടപടി സ്വീകരിച്ചു വരുന്നു.

(14-5-2014-ലെ സമിതി യോഗം അംഗീകരിച്ചു.)

**(ബി) വ്യവസായ (എ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 19429/എ 4/14/വ്യവ. തീയതി 22-9-2014)

കരമണൽ, പാറമണൽ എന്നിവയുടെ അനധികൃത കടത്തിന് ഏകീകൃത പിഴ ഈടാക്കുന്ന തരത്തിൽ 1967-ലെ KMMC ചട്ടങ്ങളിൽ 25,000 രൂപയായി ഭേദഗതി വരുത്താൻ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്റ്റ് 1957-ലെ സെക്ഷൻ 21 (2) പ്രകാരം നിർവ്വാഹമില്ല. എന്നാൽ ടി ആക്റ്റ് പ്രകാരം സാധാരണ മണലിനും, പുഴമണലിനും 25,000 രൂപ ഈടാക്കാവുന്നതാണ്.

(5-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

## (സി) വ്യവസായ (എ) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 19429/എ 4/14/വ്യവ. തീയതി 7-9-2015)

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)-യുടെ നദികളിൽ നിന്നുള്ള അനധികൃത മണൽവാരൽ സംബന്ധിച്ച റിപ്പോർട്ടിലെ 13-ാം നമ്പർ ശിപാർശ അനധികൃതമായി കടത്തുന്നത് ഏതുതരം മണൽ (കരമണൽ, പാറമണൽ തുടങ്ങിയവ) ആണെങ്കിലും കടത്തുന്നവർക്കെതിരെ ഏകീകൃത (uniform) ശിക്ഷ നടപ്പാക്കണമെന്നതായിരുന്നു. പ്രസ്തുത ശിപാർശയുമായി ബന്ധപ്പെട്ട് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി 22-9-2014-ൽ 19429/എ 4/2014/വ്യവ. നമ്പർ കത്തിലൂടെ ഒരു ഇടക്കാല റിപ്പോർട്ട് നിയമസഭ സെക്രട്ടറിക്ക് അയച്ചിരുന്നു. സമിതി 5-8-2015-ൽ നടത്തിയ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ട അന്തിമ മറുപടി സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

2001-ലെ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ സെക്ഷൻ 23 പ്രകാരം അനധികൃത മണൽ കടത്തിനുള്ള പരമാവധി ശിക്ഷ 2 വർഷം തടവും 25,000 രൂപ പിഴയുമാണ്. എന്നാൽ ഈ നിയമത്തിൽ അനധികൃതമണൽ കടത്ത് നടത്തിയ കുറ്റം പിഴ ഈടാക്കി രാജിയാക്കുന്നതിനുള്ള വ്യവസ്ഥ ഇല്ലാത്തതാണ്. പ്രസ്തുത നിയമപ്രകാരം മേൽപ്രകാരമുള്ള കുറ്റത്തിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യുവാൻ അധികാരപ്പെടുത്തിയിട്ടുള്ളത് ജില്ലാ കളക്ടറേയും ജില്ലാ ജിയോളജിസ്റ്റിനേയും മാത്രമാണ്. എന്നാൽ 2001-ലെ നിയമത്തിന്റെ തുടർച്ചയായി 2002-ൽ നിലവിൽ വന്ന ചട്ടങ്ങൾ അനുസരിച്ച് (ചട്ടം 27) അനധികൃതമായി മണൽ കടത്തിക്കൊണ്ട് പോകുന്ന വാഹനം റവന്യൂ/പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുത്താൽ തുടർനടപടികൾക്കായി ജില്ലാ കളക്ടർക്ക് കൈമാറേണ്ടതും ജില്ലാ കളക്ടർ ടി വാഹനത്തിന് നിശ്ചയിക്കുന്ന വില, പിഴ എന്നിവ ഈടാക്കി വാഹനം അതിന്റെ ഉടമയ്ക്ക് വിട്ടുകൊടുക്കുകയും ചെയ്യേണ്ടതുമായ വ്യവസ്ഥയാണ് ഉള്ളത്. ഇതുമൂലം നിരവധി വാഹനങ്ങൾ റവന്യൂ/പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുത്തശേഷം കുറ്റത്തിൻമേലുള്ള നടപടികൾ തീർപ്പാക്കാതെ വിവിധ പോലീസ് സ്റ്റേഷനുകളിൽ safe custody-ൽ ഇരിക്കുകയാണ്.

1967-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പ്രകാരവും അനധികൃതമായി മണൽ കടത്ത് നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുവാനും നടപടികൾ സ്വീകരിക്കുവാനും വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ടി ചട്ടങ്ങൾ പ്രകാരം 5,000 രൂപ മാത്രമേ പിഴ ഈടാക്കുവാൻ കഴിയുമായിരുന്നുള്ളൂ. ഇക്കാരണത്താൽ 2001-ലെ നദീതീരസംരക്ഷണ നിയമം നിലവിൽ വന്നതിനുശേഷം അനധികൃത മണൽ കടത്ത്, കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പ്രകാരമുള്ള പിഴ ഈടാക്കി രാജിയാക്കാറുണ്ടായിരുന്നില്ല.

മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ടിലെ സെക്ഷൻ 23 സി പ്രകാരം കേരളത്തിൽ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ 2015 രൂപപ്പെടുത്തുകയും ആയത് 7-2-2015-ൽ നിലവിൽ വരുകയും ചെയ്തിട്ടുണ്ട്. ഈ ചട്ടങ്ങൾപ്രകാരം അനധികൃത ധാതുകടത്തിനുള്ള പരമാവധി ശിക്ഷ 2 വർഷം തടവോ 5 ലക്ഷം രൂപ പിഴയോ രണ്ടും ചേർന്നതോ ഈടാക്കാവുന്നതാണ്. മേൽപ്പടി ചട്ടങ്ങൾപ്രകാരവും അനധികൃതമണൽ കടത്തിനെതിരെ നടപടി സ്വീകരിക്കാവുന്നതാണ്.

ഈ സാഹചര്യത്തിൽ 2001-ലെ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം ഭേദഗതി ചെയ്ത് ടി നിയമത്തിൽ അനധികൃത മണൽ കടത്ത് നടത്തുന്ന കുറ്റം പിഴ ഈടാക്കി രാജിയാക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുവാൻ സാധിക്കുമോ, 2001-ലെ നദീതീരസംരക്ഷണ നിയമത്തിൻകീഴിൽ 2002-ൽ നിലവിൽ വന്ന ചട്ടങ്ങളിലും വാഹനം പിടിച്ചെടുത്ത് ജില്ലാ കളക്ടർ നടപടി എടുക്കണമെന്ന വ്യവസ്ഥയ്ക്കുപകരം നദീതീരസംരക്ഷണ നിയമത്തിലെ വ്യവസ്ഥയ്ക്ക് അനുസൃതമായി പിഴ ഈടാക്കി കുറ്റം രാജിയാക്കാവുന്ന തരത്തിൽ ചട്ടം ഭേദഗതി ചെയ്യുവാൻ കഴിയുമോ എന്നീ കാര്യങ്ങളിൽ റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് തീരുമാനം എടുക്കേണ്ടതുണ്ട്. 5 ലക്ഷത്തിൽ കുറയാത്ത പിഴ ഈടാക്കുവാനുള്ള വ്യവസ്ഥ ഭേദഗതി മുഖേന ഉൾപ്പെടുത്തുകയാണെങ്കിൽ, 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ, 2002-ലെ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ എന്നിവ പ്രകാരവും ഒരേ രീതിയിൽ തന്നെ നടപടിയെടുക്കുവാൻ സാധിക്കുന്നതാണ്.

മേൽവിഷയങ്ങൾ പരിശോധിച്ച് തീരുമാനം കൈക്കൊണ്ടശേഷം അക്കാര്യം സമിതിയെ അറിയിക്കുന്നതാണ്.

(11-11-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 14</u>

മണൽ ലേലം ചെയ്തു കിട്ടുന്ന തുകയിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനുള്ള റോയൽറ്റിയും തൊഴിലാളികളുടെ വേതനവും കഴിച്ചുള്ള തുകയുടെ 50% റിവർ മാനേജ്മെന്റ് ഫണ്ടിലേക്കും 50% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് ലഭിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ടി തുക മുഴുവനും റവന്യൂവാക്കി മാറ്റുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുകയുടെ പകുതിയെങ്കിലും നദീസംരക്ഷണ പ്രവർത്തനങ്ങൾക്ക് നിർബന്ധമായും വിനിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 49568/പി3/15/റവ. തീയതി 11-8-2015)

കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥ പ്രകാരമാണ് മണൽ ലേലം ചെയ്തു കിട്ടുന്ന തുകയിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനുള്ള റോയൽറ്റിയും തൊഴിലാളികളുടെ വേതനവും കിഴിച്ചുള്ള തുകയുടെ 50% റിവർ മാനേജ്മെന്റ് ഫണ്ടിലേക്കും 50% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് ലഭിക്കുന്നത്. റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് ലഭിക്കുന്ന തുക നിയമത്തിലെ 22-ാം വകുപ്പിൽ നിഷ്കർഷിക്കുന്ന വിധത്തിലാണ് വിനിയോഗിച്ച് വരുന്നത്. പ്രസ്തുത ശിപാർശയുടെ പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന് തുടർ നടപടികൾക്കായി നൽകുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 15

നമ്മുടെ സംസ്ഥാനത്തെ പല നദികളുടെയും ആവാസവ്യവസ്ഥയും ജൈവവൈവിധ്യവും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതിനാൽ, പ്രസ്തുത നദികളുടെ നിലവിലുള്ള ആവാസവ്യവസ്ഥ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും പര്യാപ്തമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

നദികളുടെ ആവാസവ്യവസ്ഥയും ജൈവവൈവിധ്യവും സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 20 നദികളുടെ റിവർ മാപ്പിംഗും സാന്റ് മൈനിംഗും നടന്നുവരുന്നത്. ആയത് മറ്റ് നദികളിൽ കൂടി നടപ്പിലാക്കി നദികളുടെ ജൈവ ഭൗതിക വ്യവസ്ഥ സംരക്ഷിക്കാവുന്നതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ 16

അനധികൃതമായി മണൽ കടത്തിക്കൊണ്ടുപോകുന്ന വാഹനം പിടിച്ചെടുക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് congnizable offence പ്രകാരം കൊടുത്തിട്ടുള്ള അധികാരം, പ്രാവർത്തികമാക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുള്ളതിനാൽ നിയമം നടപ്പാക്കാനുള്ള അധികാരം പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി എന്നീ വകുപ്പുകളിൽ നിക്ഷിപ്തമാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### (എ) വ്യവസായ (എ) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 13771/എ 4/13/വ്യവ. തീയതി 13-9-2013)

അനധികൃതമായി മണൽ കടത്തുന്ന വാഹനം പിടിച്ചെടുത്ത് നിയമനടപടി സ്വീകരിക്കുവാൻ മൈനിംഗ് ആന്റ് ജിയോളജി, റവന്യൂ, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിട്ടുണ്ട്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി) റവന്യൂ (പി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

2013-ലെ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും ഭേദഗതി നിയമപ്രകാരം പ്രത്യേക സംരക്ഷണസേന രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

### (സി) വ്യവസായ (എ) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 19429/എ 4/14/വ്യവ. തീയതി 22-9-2014)

12-2-2014-ലെ ജി.ഒ. (എംഎസ്.) 20/14/വ്യവ. നമ്പർ ഉത്തരവുപ്രകാരം അനധികൃത മണൽ കടത്ത് നടത്തുന്ന വാഹനം പിടിച്ചെടുക്കുവാൻ പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തിയതിനുശേഷം അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. മേൽവിവരങ്ങൾ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ താല്പര്യപ്പെടുന്നു.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 17

മണൽവാരൽമൂലമുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും പഠിച്ച് പരിഹാരം നിർദ്ദേശിക്കുവാൻ സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടുകളുടെ വിശദാംശങ്ങളും ഈ കമ്മിറ്റിയുടെ പ്രവർത്തനംമൂലം കൈവരിച്ച പുരോഗതി സംബന്ധിച്ച റിപ്പോർട്ടും, സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

കേരളത്തിലെ മണൽ ലഭ്യതയ്ക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തിനുപുറമേ നിന്നുള്ള മണൽ ലഭ്യത സുഗമമാക്കുന്നതിനുള്ള ശ്രീ. റ്റി. ബാലകൃഷ്ണൻ, IAS ചെയർമാനായ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടിന്റെ ശിപാർശകൾ നടപ്പിൽ വരുത്തുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് കമ്മിറ്റിയെ നിയമിച്ചുകൊണ്ടും രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് KEMDEL, Kerala State Housing Board, Kerala Land Governance Society എന്നിവയെ നോഡൽ ഏജൻസിയായി നാമനിർദ്ദേശം ചെയ്തുകൊണ്ടും 3-5-2013-ലെ സ.ഉ. (കയ്യെഴുത്ത്) 183/13 റവ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്നുള്ള നടപടികൾ പുരോഗമിക്കുന്നു.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 18

മണലടക്കമുള്ള നിർമ്മാണ വസ്തുക്കളായ പ്രകൃതി വിഭവങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും സമാന സ്വഭാവമുള്ളതുമായ സ്ഥാപനങ്ങളുടെ (കൺസ്ട്രക്ഷൻ കോർപ്പറേഷൻ, നിർമ്മിതി കേന്ദ്രം, ഹാബിറ്റാറ്റ് തുടങ്ങിയുള്ള) ഒരു കൺസോർഷ്യം രൂപീകരിക്കണമെന്നും ഈ കൺസോർഷ്യത്തിനു കീഴിൽ പുതിയ നിർമ്മാണ വസ്തുക്കളും സാങ്കേതികവിദ്യകളും വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ വിഭാഗം സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) പൊതുമരാമത്ത് (ഇ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 27873/ഇ 1/പൊമവ. തീയതി 3-8-2013)

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ (2009-2011)-യുടെ 7-ാമത് റിപ്പോർട്ട് നദികളിൽ നിന്നുള്ള അനധികൃത മണൽവാരൽ സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള

18-ാമത് ശിപാർശ സർക്കാർ അംഗീകരിക്കുകയും തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ KSCC-യോട് ആവശ്യപ്പെടുകയും ചെയ്തു. ഇത് സംബന്ധിച്ച KSCC-യുടെ നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

(1) പുഴ മണലിന് സമാനമായ പാറമണൽ ഉണ്ടാക്കുന്നതിന് ഇപ്പോൾ ലഭ്യമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം പുതിയ സാങ്കേതികവിദ്യകൾ കേരളത്തിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ ഉൾപ്പെടുത്തി വികസിപ്പിക്കാവുന്നതാണ്.

(2) പാറമണൽ ഉണ്ടാക്കുന്നതിന് സർക്കാരിന്റെ അധീനതയിലുള്ള വിഭവശേഷി ഉപയോഗിക്കുന്നതിനുള്ള അനുവാദവും അത് നിർമ്മിക്കുന്നതിന് സർക്കാർ അധീനതയിലുള്ള സ്ഥലവും ലഭ്യമാക്കാനുള്ള ഉത്തരവ് ആവശ്യമാണ്.

(3) പാറമണലിന്റെയും നിർമ്മാണവസ്തുക്കളുടെയും വിതരണത്തിന് ഓരോ ജില്ലയിലും രണ്ട് വീതം വിപണന കേന്ദ്രങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഇതിന്റെ ചുമതല നിർമ്മിതി കേന്ദ്രത്തിന് നൽകാവുന്നതാണ്.

(4) ഇതിന്റെ നിർമ്മാണത്തിനായി 14 ജില്ലകളിലായി 28 നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിന് ഏകദേശം 350 കോടി രൂപ ആവശ്യമായി വരുന്നതാണ്. ഈ തുക സംഭരിക്കുന്നതിന് ബാങ്കുകളുമായി കൺസോർഷ്യം രൂപീകരിക്കുന്നതിന് ലോൺ എടുക്കുന്നതിനുവേണ്ട ഉത്തരവ് ഉണ്ടാകേണ്ടതാണ്.

(5) കേരളത്തിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ ഉൾപ്പെടുത്തി ഈ പ്രക്രിയയിൽ ഉണ്ടാകുന്ന ബൈപ്രോഡക്ടുകൾ ഉപയോഗിച്ച് പുതിയ നിർമ്മാണ വസ്തുക്കൾ ഉണ്ടാക്കുന്നതിനുവേണ്ടി research and product implementation-നും നടത്തുന്നതാണ്.

പുഴമണൽ ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് സംസ്ഥാനത്തിന്റെ മറ്റുള്ള വിഭവശേഷി ഉപയോഗിച്ച് നിർമ്മാണ വസ്തുക്കളുടെ ഉത്പാദനവും വിതരണവും നടത്തുന്നതിനും, താഴ്ന്നവരുമാനക്കാർക്ക് കുറഞ്ഞ controlled rate-ൽ വിതരണം ചെയ്യുന്നതിനും കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നേതൃത്വത്തിൽ നിർമ്മിതി കേന്ദ്രം, സർക്കാർ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയവയുമായി ചേർന്ന് കൺസോർഷ്യം രൂപവൽക്കരിക്കുന്നതിനും സർക്കാർ ഉത്തരവ് ആവശ്യമാണെന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ 10-6-2013-ലെ G.O.(Ms.) 16/2013/P&ARD ഉത്തരവിൽ ഇപ്രകാരം പരാമർശിച്ചിരിക്കുന്നു.

"The Departments of Secretariat shall invariably obtain the remarks of the Environment Department on all proposals/projects that are related to or are likely to affect the environment/environmental components. The Environment Department shall have representation in the Committees being constituted by Government for overseeing, monitoring, review or any other matter connected with such proposals/projects."

ഈ സാഹചര്യത്തിൽ പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞശേഷം അന്തിമ റിപ്പോർട്ട് നിയമസഭയ്ക്ക് സമർപ്പിക്കുന്നതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

സാങ്കേതികവിദഗ്ദ്ധരുള്ള ഇറിഗേഷൻ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഹൗസിംഗ് വകുപ്പ് എന്നീ വകുപ്പുകളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(സി) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 49568/പി3/15/റവ. തീയതി 11-8-2015)

പ്രസ്തുത ശിപാർശയുടെ പകർപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭവന നിർമ്മാണ വകുപ്പിന് നൽകുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ഡി) ജലവിഭവ (ഐആർ.) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 9752/(ഐആർ.)2/15/ജവിവ. തീയതി 18-8-2015)

മണൽ അടക്കമുള്ള നിർമ്മാണ വസ്തുക്കളായ പ്രകൃതി വിഭവങ്ങളുടെ ഉപഭോഗം പരമാവധി കുറയ്ക്കുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള കൺസോർഷ്യം രൂപീകരിക്കുന്ന നടപടി ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്നതല്ല.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 19</u>

സ്വാഭാവിക മണലിന്റെ ദൗർലഭ്യം മുതലെടുത്തുകൊണ്ട് നിർമ്മിത മണലിന്റെ (പാറമണൽ) വിൽപ്പനക്കാർ, മണൽവില ക്രമാതീതമായി വർദ്ധിപ്പിക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടുന്നവരും മണൽക്ഷാമം നേരിടുന്നവരുമായ സാധാരണ ജനങ്ങളെ മണൽവില വർദ്ധിപ്പിച്ച് ചൂഷണം ചെയ്യുന്നവരെ നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60463/പി3/10/റവന്യൂ തീയതി 26-4-2014)

ജില്ലാ കളക്ടർമാർക്ക് നടപടിയെടുക്കാൻ വേണ്ട നിർദ്ദേശം നൽകുന്നതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## അദ്ധ്യായം III

# സമിതി ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലുള്ള തുടർ ശിപാർശകൾ

### തുടർ ശിപാർശ നമ്പർ 1

13-ാം നമ്പർ ശിപാർശയ്ക്ക് 7-9-2015-ലെ 19429/എ 2/2014/വ്യവ. നമ്പർ കത്തുമുഖേന വ്യവസായ (എ) വകുപ്പ് ലഭ്യമാക്കിയതും അന്തിമ മറുപടി പിന്നാലെ അറിയിക്കുന്നതാണെന്ന വ്യവസ്ഥയിൽ 11-11-2015-ലെ സമിതിയോഗം അംഗീകരിച്ചതുമായ മറുപടിയിൽ പരാമർശിച്ചിരുന്ന അന്തിമ മറുപടി എത്രയുംവേഗം ലഭ്യമാക്കണമെന്ന് വ്യവസായ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

### തുടർ ശിപാർശ നമ്പർ 2

18-ാം നമ്പർ ശിപാർശയ്ക്ക് 3-8-2013-ലെ 27873/ഇ 1/പൊമവ. നമ്പർ കത്തു മുഖേന പൊതുമരാമത്ത് (ഇ) വകുപ്പ് ലഭ്യമാക്കിയും പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞതിനുശേഷം അന്തിമ മറുപടി ലഭ്യമാക്കാമെന്ന വ്യവസ്ഥയിൽ 14-5-2014-ലെ സമിതിയോഗം അംഗീകരിച്ചതുമായ മറുപടിയിൽ പരാമർശിച്ചിരുന്ന അന്തിമ മറുപടി എത്രയുംവേഗം ലഭ്യമാക്കണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

16-ാം നമ്പർ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ട് ആഭ്യന്തര വകുപ്പിന് നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായെങ്കിലും പ്രസ്തുത വകുപ്പിൽ നിന്നും യാതൊരു പ്രതികരണവും ഉണ്ടായില്ല. ആഭ്യന്തര വകുപ്പിന്റെ പ്രസ്തുത നിലപാടിൽ സമിതിക്കുള്ള കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. 16-ാം നമ്പർ ശിപാർശയിന്മേൽ വ്യവസായം, റവന്യൂ എന്നീ വകുപ്പുകളിൽ നിന്നും തൃപ്തികരമായ മറുപടികൾ ലഭ്യമാവുകയും അവ സമിതി അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ ആയതിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി തീരുമാനിക്കുന്നു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.